# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4576 — 04.02.2014 ൽ - മറുപടിക്ക്

## എൻഡ് ടു എൻഡ് റേഷൻകട നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>,, എൻ. ഷംസുദ്ദീൻ<br>,, പി. കെ. ബഷീർ<br>,, സി. മമ്മൂട്ടി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) എൻഡ് ടു എൻഡ് പദ്ധതി പ്രകാര മുള്ള റേഷൻകട നവീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ; | (എ) എൻഡ് ടു എൻഡ് പദ്ധതി പ്രകാരം എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത് മുതൽ റേഷൻ കടകളിൽ നിന്ന് അവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്നത് വരെയുള്ള ഓരോ പ്രക്രിയയും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് അവയുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്കവിധത്തിൽ ഒരു സുതാര്യവൽകൃത പോർട്ടലിൽ ഉൾപ്പെടുത്തുന്നതാണ്. റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന e-PoS മെഷീനുകൾ സ്ഥാപിച്ച് യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ തോതിൽ നൽകുന്നതാണ്. റേഷൻ കടകൾക്ക് പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനാൽ ഗുണഭോക്താക്കൾക്ക് കേരളത്തിലെ ഏത് റേഷൻകടയിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭ്യമാവുന്നു. റേഷൻ കടകളിൽ ഗുണഭോക്താക്കളുടെ ക്രയവിക്രയങ്ങൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാവുന്ന ബില്ലുകളിൽ ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ അളവ്, തൂക്കം, വില എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടാവും. ഇക്കാരണത്താൽ പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യമാവുകയും അഴിമതി, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയാൻ സാധിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിലൂടെ റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത എത്രത്തോളം അവസാനിപ്പിക്കാൻ സാധിക്കുന്നതാണ്; | (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ പൊതുവിതരണ ശൃംഖലയിലെ ഓരോ പ്രക്രിയയും അക്കൗണ്ടബിൾ ആകുന്നതിനാൽ റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത പൂർണ്ണമായും തടയാൻ സാധിക്കുന്നതുമാണ്. |
| (സി) | അവശരായ മുതിർന്ന പൗരർ, ചലനശേഷിയില്ലാത്ത രോഗികൾ, വികലാംഗർ എന്നിവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിച്ചു നൽകാനുള്ള സംവിധാനം ഈ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ ഈ പദ്ധതി വിഭാവനം ചെയ്തിട്ടില്ല |

സെക്ഷൻ ഓഫീസർ